## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം- ജീവനക്കാര്യം-വിജിലൻസ് ദ്രുത പരിശോധന- കൊല്ലം ജില്ലയിലെ അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിലെ 'ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ' പ്രോജക്ടുമായി ബന്ധപ്പെട്ട ക്രമക്കേട് - പുനർവിന്യാസ വ്യവസ്ഥയിൽ ഗ്രാമവികസന വകുപ്പിൽ ക്ലാർക്കായി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ.അരുൺനാരായണനെതിരെയുള്ള അച്ചടക്ക നടപടി- തീരുമാനം നടപ്പാക്കുന്നതിന് കൃഷി വകുപ്പിന് നിർദ്ദേശം നല്കികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ. (സാധാ)നം.1367/2019/തസ്വഭവ, തിരുവനന്തപുരം, തീയതി: 04.07.2019

---

പരാമർശം :- 1) സ.ഉ (എം.എസ്) നം.187/2000/തസ്വഭവ, തീയതി 04/07/2000.
2) വിജിലൻസ് ഡയറക്ടറുടെ 19/03/2016-ലെ സി1(വിസി5/2014/കെഎൽഎം) 37937/2014 നമ്പർ കത്ത്.
3) ശ്രീ.അരുൺനാരായണനെതിരെയുള്ള 27/04/2017-ലെ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
4) ശ്രീ.അരുൺനാരായണൻ സമർപ്പിച്ച 20/06/2017-ലെ പ്രതിവാദപത്രിക.
5) ഗ്രാമവികസന കമ്മീഷണറുടെ 26/10/2018-ലെ7097/എസ്റ്റാ.എ 4/ 2017/സിആർഡി നമ്പർ കത്ത്.

### ഉത്തരവ്

കൊല്ലം ജില്ലയിലെ അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ ദ്രുത പരിശോധനയിൽ, അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിൽ 'ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ' പ്രോജക്ട് (2012-2013) നടപ്പിലാക്കിയതിൽ ക്രമക്കേടുണ്ടായതായി കണ്ടെത്തി.

അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള വർക്ക് ഓർഡർ SIDCO-ക്ക് നൽകുന്നതു സംബന്ധിച്ച് അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന്റെ 28/01/2013-ലെ പൊതുയോഗത്തിൽ തീരുമാനമെടുക്കുകയും തീരുമാനം (VI) ആയി രേഖപ്പെടുത്തുകയും ചെയ്തു. എന്നാൽ മിനിട്ട്സ് ബുക്കിൽ തീരുമാനം നം.(V)-നു ശേഷം, മിനിട്സ് അവസാനിപ്പിച്ച് കൊണ്ടുള്ള പ്രസിഡന്റിന്റെ ഒപ്പ്, മഷി കൊണ്ട് കറുപ്പിച്ചതിനുശേഷം വർക്ക് ഓർഡർ SIDCO-ക്ക് നല്കുന്നത് സംബന്ധിച്ച തീരുമാനം (VI) അധികമായി ചേർത്തിട്ടുള്ളതായും മിനിട്ട്സ് ബുക്കിലെ ചില പേജുകൾ ഒട്ടിച്ച് ചേർത്തിട്ടുള്ളതായും പേജ്നം. 239, 240, 241, 242 എന്നീ പേജുകൾ ചീന്തികളഞ്ഞിട്ടുള്ളതായും കണ്ടെത്തി. അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിൽ പുനർവിന്യാസ പ്രകാരം സേവനമനുഷ്ഠിച്ച് വരുന്ന കൃഷി വകുപ്പിലെ ക്ലാർക്കായ ശ്രീ.അരുൺ നാരായണനെതിരെ മേൽ

കുറ്റത്തിന് വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാൻ പരാമർശം (2) പ്രകാരം വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്തു. വിജിലൻസിന്റെ ശിപാർശ അനുസരിച്ച്, 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 16 പ്രകാരം ശ്രീ.അരുൺ നാരായണനെതിരെ സർക്കാർ അച്ചടക്ക നടപടി ആരംഭിച്ചു. പരാമർശം (3) പ്രകാരം ടിയാന് കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി. ശ്രീ.അരുൺനാരായണൻ പരാമർശം (4) പ്രകാരം പ്രതിവാദപത്രിക സമർപ്പിച്ചു. മിനുട്ട്സ് ബുക്കിൽ തീരുമാനം നം. (V)ന്റെ ശേഷം തീരുമാനം (VI) എഴുതിച്ചേർത്തത് താനാണെന്നും അതിൽ എന്തെങ്കിലും കൃത്രിമം നടന്നുവെന്നതിനെക്കുറിച്ച് തനിക്ക് അറിവുണ്ടായിരുന്നില്ലെന്നും പരിചയക്കുറവ് മൂലമുണ്ടായ പിഴവുകൾ മാപ്പാക്കി കുറ്റവിമുക്തനാക്കണമെന്നും ശ്രീ.അരുൺ നാരായൺ അപേക്ഷിച്ചു.

കൃഷി വകുപ്പിലെ ക്ലാർക്കായ ശ്രീ.അരുൺനാരായണൻ 06/06/2009 മുതൽ അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിൽ പുനർവിന്യാസ വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു വരുന്നതായും 2009 മുതൽ 3 സാമ്പത്തിക വർഷങ്ങളിലെ പദ്ധതി ഫയലുകൾ, ഭരണ സമിതി മിനിട്സ് എന്നിവ കൈകാര്യം ചെയ്തതിനു ശേഷം, 2012-13-ൽ 28/01/2013-ലെ യോഗതീരുമാനങ്ങൾ രേഖപ്പെടുത്തിയതിൽ പരിചയക്കുറവ് മൂലം തെറ്റ് സംഭവിച്ചുവെന്ന വാദവും മിനിട്സ് ബുക്കിലെ പേജുകൾ കീറിമാറ്റി പുതിയ പേജുകൾ ഒട്ടിച്ചു ചേർത്തത് തന്റെ അറിവോടെയല്ലെന്നുമുള്ള വാദവും അംഗീകരിക്കുവാൻ കഴിയില്ലെന്നും പരാമർശം (5) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2012-2013 കാലയളവിൽ അഞ്ചൽ ബ്ലോക്കിൽ 'ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ' പ്രോജക്ടുമായി ബന്ധപ്പെട്ട പൊതുയോഗ മീറ്റിംഗിന്റെ മിനിട്സ് ബുക്കിൽ കൃത്രിമം നടത്തിയതിനുത്തരവാദി കൃഷി വകുപ്പിൽ നിന്നും പുനർവിന്യാസത്തിൽ അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിൽ ക്ലാർക്കായി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ.അരുൺ നാരായണനാണെന്നു കണ്ടെത്തിയതിനാൽ, 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 11 (I) (iii) പ്രകാരം ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യമില്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു. ടി ഉത്തരവ് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ നടപ്പിലാക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**കെ.ഗോപാലകൃഷ്ണ ഭട്ട് ഐ.എ.എസ്**
**സെക്രട്ടറി**

1) ശ്രീ.അരുൺനാരായണൻ, ക്ലാർക്ക്, അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്, കൊല്ലം ജില്ല (ഗ്രാമവികസന കമ്മീഷണർ മുഖേന)

2) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3) ഡയറക്ടർ,കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
5) കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
6) വിജിലൻസ് (ഇ) വകുപ്പ് (15/04/2016 ലെ 3758/ഇ 3/16/വിജി നമ്പർ കത്ത് പ്രകാരം)
7) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
8) വിവര പൊതുജന സമ്പർക്ക വകുപ്പ് ( web & newmedia)
9) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ